**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2951 07/02/2018-ൽ മറുപടിയ്ക്ക്

## പ്രീ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രീ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഏകീകൃത പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>• ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ-സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>• പ്രീ-സ്കൂൾ വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിനും നിയമനിർമ്മാണത്തിനും സഹായകരമായ രീതിയിൽ ദേശീയ ആശയരൂപീകരണ ശില്പശാല വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംഘടിപ്പിച്ചു.<br>• പ്രീ-സ്കൂൾ കുട്ടികൾക്ക് (3+, 4+) വർക്ക് ബുക്കുകൾ തയ്യാറാകുന്നുണ്ട്.<br>• പ്രീപ്രൈമറി അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ നിജസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ട്<br>• പ്രീപ്രൈമറി അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രീ. സ്കൂൾ വിദ്യാഭ്യാസം കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ വളരെയധികം സ്വാധീനം ചെലുത്തുമെന്നതിനാൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള സമർത്ഥരായ അദ്ധ്യാപകരെ പ്രീ സ്കൂൾ തലത്തിൽ നിയമിക്കുന്ന കാര്യം ആലോചിക്കുമോ; | (സി) | എസ്.എസ്.എൽ.സിയും സർക്കാർ അംഗീകൃത പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള പരിശീലനവും അടിസ്ഥാനയോഗ്യതയായുള്ളവരെയാണ് പ്രീ-സ്കൂൾ അധ്യാപകരായി നിയമിക്കുന്നത്. |
| (ഡി) | തദനുസൃതമായി പ്രീ സ്കൂൾ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ